(ബി) അതിനു കാരണമെന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ടി സക്കുലറിന്റെ പ്രവർത്തനം ഫെ/ർ വു സക്കുലർകൊണ്ടു് നിർത്തിവച്ചിരിക്കുകയായിരുന്നു. എന്നാൽ ഡിപ്പാർട്ടുമെണ്ടു് പരിഷ്കരിച്ചതിനു ശേഷം, ടി സക്കുലർ ക്രമമായി നടപ്പിൽ വരുത്തികൊണ്ടിരിക്കുകയാണു്. അതിൻപ്രകാരം തിരുവിതാംകൂറിൽ നു—ം, കൊച്ചിയിൽ ഫെ൯-ം നിയമനങ്ങളും ഉണ്ടായിട്ടുണ്ടു്.

(ബി) ടി സക്കുലറിന്റെ പ്രവർത്തനം കുറച്ചുകാലം നിർത്തിവച്ചിരുന്നതുകൊണ്ടും കൊച്ചിയിൽ അപ്രകാരം നിലവിലിരുന്നിട്ടില്ലാതിരുന്നതുകൊണ്ടും.

ശബരിമലസംഭവാന്വേഷണം

*ഫ ൦൭൭ (നഫെ) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ;

(എ) ശബരിമലയിലുണ്ടായ അത്യാഹിതത്തിന്റെ അന്വേഷണാർത്ഥം ആരെയാണു് നിയമിച്ചതു്;

(ബി) ആ നിയമനം ഹേതുവായിട്ടുംമറ്റും അന്വേഷണത്തിനു എന്തു ചെലവുചെയ്തു;

(സി) ആ ഉദ്യോഗസ്ഥന്മാരൊ, സ്ഥാനമോ ആ ആവശ്യാർത്ഥം ഇന്നും സർവ്വീസിലിരിപ്പുണ്ടോ;

(ഡി) ആ സംഗതിയുടെ റിപ്പോർട്ടു് പൊതുജനസമക്ഷം വയ്ക്കാതിരുന്നതിന്റെ രഹസ്യമെന്തു"?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഡി. ഐ. ജി. ശ്രീ. കേശവമേനോനെയും, കൊല്ലം, കോട്ടയം ഡി. എസ്സു്. പി. മാരെയും.

(ബി) ഉദ്ദേശം നാലായിരം രൂപാ.

(സി) ശ്രീ. സി. കേശവമേനോൻ ഒഴിച്ചു് മറ്റുള്ളവരെല്ലാം സർവ്വീസിലുണ്ടു്.

(ഡി) അന്വേഷണം തുടർന്നുകൊണ്ടിരിക്കുന്ന കേസുകളുടെ രഹസ്യാന്വേഷണറിപ്പോർട്ടുകൾ പരസ്യപ്പെടുത്തുന്നതു് കേസിന്റെഅനന്തരാന്വേഷണങ്ങൾക്കു് വിഘാതമുണ്ടാകുമെന്നുള്ളതുകൊണ്ടാണു്, ഇതിന്റെ റിപ്പോർട്ടു പരസ്യപ്പെടുത്താത്തതു്.

കരിഞ്ചന്ത

*ഫ ൦ ൭൮ (ന. ൭) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ:

കരിഞ്ചന്ത തടയുന്നതിനും നിർത്തൽ ചെയ്യുന്നതിനും ഗവർമ്മെൻറ് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും, വകുപ്പുമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഗവർമ്മെൻറ് അനുവാദം കൂടാതെ നെല്ലും, അരിയും വിൽക്കലും, വാങ്ങലും നിരോധിച്ചിട്ടുണ്ടു്.

(ബി) ഇതിനു വിപരീതമായി പ്രവർത്തിക്കുന്നതു് കുറ്റകരവും, ശിക്ഷാർഹവുമാണു്.

LIBRARY ARCHIVES Kerala Legislative Assembly